**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 613** **10-02-2025 - ൽ മറുപടിയ്ക്ക്**

**മണിമല നാളികേര പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണിമലയിലെ നാളികേര പാർക്ക് എന്നാണ് വ്യവസായങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുക എന്ന് വിശദമാക്കാമോ; | (എ) | കുറ്റ്യാടി മണിമലയിലെ വ്യവസായ പാർക്കിലെ 5 ഏക്കറോളം വരുന്ന ഒന്നാം ഘട്ടത്തിലെ, അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ച് 2025 ജൂണിൽ വ്യവസായങ്ങൾക്ക് സ്ഥലം അനുവദിച്ചു കൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | വ്യവസായങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുന്ന തരത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് മണിമല നാളികേര പാർക്കിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്നും ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | മണിമല നാളികേര പാർക്ക് ഭൂമി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 5 ഏക്കർ ഭൂമിയിലുള്ള മരങ്ങളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച്, മരം മുറിച്ച് മാറ്റുന്നതിനുള്ള ടെൻഡർ നടപടികൾ തുടങ്ങി. ആദ്യ ടെണ്ടറിൽ കരാറുകാരെ ലഭിക്കാത്തതിനാൽ പുതുക്കിയ രണ്ടാം ടെൻഡർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ULCCS മുഖേന ആദ്യ ഘട്ടത്തിലുള്ള വ്യവസായ പ്ലോട്ടിലേക്ക് കടക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യമായ റോഡ്, ഓവുചാൽ ഇവയാണ് നിർമ്മിക്കുന്നത്. വൈദ്യുതി വിതരണത്തിനായുള്ള പ്രവർത്തികൾ KSEB യുടെ മേൽനോട്ടത്തിൽ പാർക്കിൽ പുരോഗമിച്ചുവരുന്നു. |
| (സി) | വ്യവസായങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് വ്യവസായികൾ അന്വേഷിക്കുന്നപക്ഷം അവർക്ക് എന്തൊക്കെ വിവരങ്ങളാണ് നൽകാൻ സാധിക്കുക എന്ന് വ്യക്തമാക്കാമോ? | (സി) | നിലവിലുള്ള സ്ഥലത്തിന്റെ ലഭ്യതയും അതിലേക്ക് ലഭ്യമാവുന്ന അടിസ്ഥാന സൗകര്യങ്ങളും കൂടാതെ GO (Ms) NO. 39/2024/ID മുഖേന പ്രസിദ്ധപ്പെടുത്തിയ ഏകീകൃത ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് റെഗുലേഷൻ അനുസരിച്ച് കെ.എസ്.ഐ.ഡി.സി രൂപീകരിച്ചിട്ടുള്ള പ്രൈസിംഗ് കമ്മിറ്റി തീരുമാനിക്കുന്ന രീതിയിലുള്ള സ്ഥല വില അനുസരിച്ച് സ്ഥലം സംരംഭകർക്ക് അനുവദിച്ച് നൽകുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ